പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

28.01.2019 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.355

തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണം ഫലപ്രദമായി നടപ്പാക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം നാളിതുവരെ ചേർന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട തർക്കങ്ങൾ നിലനിന്നിരുന്ന പാടശേഖരങ്ങൾ കേന്ദ്രീകരിച്ചും പഞ്ചായത്തു തലത്തിലും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ 2018 ഡിസംബർ, 2019 ജനുവരി മാസങ്ങളിലായി യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. തർക്കങ്ങൾ നിലനിൽക്കുന്ന പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ആവശ്യമെങ്കിൽ കൂടുതൽ യോഗങ്ങൾ വിളിച്ച് ചേർത്ത് നെല്ല് സംഭരണം പരാതിരഹിതമായും സുഗമമായും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അടിയന്തരമായി പ്രസ്തുത യോഗം വിളിച്ചു ചേർത്ത് നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ